എൻട്രൻസ്, എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷാഫലങ്ങൾ മൊബൈൽ ഫോൺ വഴി അറിയാനുള്ള സൗകര്യം

145 [1555] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

" റ്റി. ഡി. സതീശൻ:

" ലൂഡി ലൂയിസ്:

" വർക്കല കഹാർ:

" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എൻട്രൻസ് പരീക്ഷയുടെ ഫലം, എസ്.എസ്.എൽ.സി. പരീക്ഷാഫലം, പ്ലസ്ടു പരീക്ഷാഫലം എന്നിവ ഏതെല്ലാം കമ്പനിക്കാരുടെ മൊബൈൽ ഫോൺ വഴി അറിയാനുള്ള സൗകര്യം ഉണ്ടാക്കിയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം വ്യവസ്ഥകൾ വിധേയമായാണ് ഈ പരീക്ഷാഫലങ്ങൾ മൊബൈൽ ഫോൺ മുഖേന അറിയാനുള്ള സൗകര്യം ഏർപ്പെടുത്തിയത് എന്നറിയിക്കാമോ;

(സി) പരീക്ഷാഫലങ്ങൾ ഈ കമ്പനികളുടെ മൊബൈൽ ഫോണുകൾ വഴി അറിയാനുള്ള സൗകര്യമുണ്ടാക്കിയതുമൂലം ഈ കമ്പനികൾക്ക് എന്തെങ്കിലും പ്രത്യേക പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ എന്തു പ്രയോജനമുണ്ടായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻട്രൻസ് പരീക്ഷാഫലം എസ്കോട്ടൽ മൊബൈൽ കമ്മ്യൂണിക്കേഷൻ എന്ന കമ്പനിക്കും റിലയൻസ് കമ്പനിക്കും നൽകിയിരുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു എന്നിവയുടെ ഫലം മൊബൈൽ ഫോൺ വഴി അറിയുവാൻ സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല.

(ബി) എസ്കോട്ടൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് റിസൽട്ട് നൽകുന്നതിനായി 5000 രൂപ എൻട്രൻസ് കമ്മീഷണറുടെ ഓഫീസിൽ അടച്ചിരുന്നു. റിലയൻസ് കമ്പനി, എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പറും അനുബന്ധ സാധനങ്ങളും വിതരണം ചെയ്യുന്നതിനായി നിയോഗിച്ചിരുന്ന സംഘാംഗങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുന്നതിന് പത്ത് മൊബൈൽ ഫോണുകൾ ഉപയോഗിക്കാനായി നൽകിയിരുന്നു. കൂടാതെ കേന്ദ്രീകൃത അലോട്ട്മെന്റ് സമയത്തും ഇങ്ങനെ മൊബൈൽ ഫോൺ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) കമ്പനികൾക്ക് ഇതുമൂലം പ്രത്യേക പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കുക.

എൻട്രൻസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം

146 [1556] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻട്രൻസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം വിവിധ കോഴ്സുകളിലേക്ക് ലഭിച്ച അപേക്ഷകളുടേയും തെരഞ്ഞെടുക്കപ്പെട്ടവരുടേയും എണ്ണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) അപേക്ഷ ഫീസ് ഇനത്തിൽ ഓരോ വർഷവും ലഭിച്ച തുക എത്ര വീതമാണ് എന്നു വ്യക്തമാക്കുമോ;

(ഡി) ഈ വർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) എസ്. എസ്. ഫണ്ട് ചെലവഴിക്കുന്നതു സംബന്ധിച്ച ആഡിറ്റ് നടത്താറുണ്ടോ; എന്നു വ്യക്തമാക്കാമോ;

(എഫ്) ഈയിനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച സംഖ്യ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) എൻട്രൻസ് ഡയറക്ടറേറ്റിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) എൻട്രൻസ് ഡയറക്ടറേറ്റിൽ 5 വർഷത്തിലേറെക്കാലമായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 1. 2001-2002—2,91,11,165 രൂപ
2. 2002-2003—4,69,69,975 ,,
3. 2003-2004—8,78,82,763 ,,

LIBRARY ARCHIVES Kerala Legislative Assembly